# കേരള കാർഷിക സർവ്വകലാശാല


കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
അഗ്രികൾച്ചർ കോളേജ്, വെള്ളാനിക്കര
Email: cohagmet@kau.in&kauagmet@yahoo.co.in


## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## എറണാകുളംജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 42/2021 (83) ചൊവ്വാഴ്ച — തീയ്യതി 12.10.2021

### അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 13.10.2021 | 14.10.2021 | 15.10.2021 | 16.10.2021 | 17.10.2021 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 50 | 40 | 40 | 20 | 20 |
| ഉയർന്ന താപനില (°C) | 30 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 16 | 10 | 14 | 18 | 20 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 270 | 230 | 230 | 270 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 8 | 8 | 8 |

ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ സാമാന്യം ഭേദപ്പെട്ട **മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായതോ അതിശക്തമായതോ ആയ മഴയ്ക്കും** സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

### കാർഷിക നിർദ്ദേശങ്ങൾ

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ:**വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ച സൗകര്യം ഉറപ്പു വരുത്തുക. **മഴയില്ലാത്ത സമയത്തു മാത്രം കീടനാശിനി പ്രയോഗം നടത്താവൂ.** | | |
| നെല്ല് (പൊക്കാളി) | കൊയ്ത്തു പരുവം | |
| തെങ്ങ് | പരിചരണം | രാസവള പ്രയോഗത്തിന്റെ രണ്ടാം ഗഡുവായി 500 ഗ്രാം യൂറിയ, 800 ഗ്രാം രാജ്ഫോസ്, ഒരു കിലോ പൊട്ടാഷ് എന്നിവ തെങ്ങൊന്നിന് ഇട്ടുകൊടുക്കാവുന്നതാണ്. വള പ്രയോഗത്തിന് 7 -10 ദിവസങ്ങൾക്ക് മുന്നേ ഒരു കിലോ കുമ്മായം ഇട്ടുകൊടുക്കാം. (ഒന്നാം വളപ്രയോഗത്തിനു മുന്നേ കൊടുത്തിട്ടില്ലെങ്കിൽ).മണ്ണ് പരിശോധനാ ഫലങ്ങൾക്കനുസൃതമായി മഗ്നീഷ്യംസൾഫേറ്റ് 500 ഗ്രാം, ബൊറാക്സ് 50 ഗ്രാം എന്നിവ നൽകാവുന്നതാണ്. |
| | കൊമ്പൻ ചെല്ലി | കൃഷിയിടം വൃത്തിയായി സൂക്ഷിക്കുക. കൂമ്പിനു ചുറ്റുമുള്ള രണ്ടു മൂന്നു ഇല കവിളുകളിൽ 45 ദിവസം കൂടുമ്പോൾ മണലും പാറ്റാ ഗുളികയും അല്ലെങ്കിൽ തുല്യ അളവ് വേപ്പിൻ പിണ്ണാക്കും മണലും ചേർത്ത് ഇടുക. മണ്ട വൃത്തിയാക്കിയ ശേഷം 20 ഗ്രാം കാർട്ടാപ്പ്/ഹൈഡ്രോക്ളോറൈഡ് 4 ഗ്രാം/ ഫിപ്രോണിൽ 0.3 ഗ്രാം/കാർബോസൾഫാൻ 6 ഗ്രാം എന്നിവയിലേതെങ്കിലും 200 ഗ്രാം മണലുമായി ചേർന്ന് കൂമ്പിനു ചുറ്റുമുള്ള രണ്ടു മൂന്നു ഇല കവിളുകളിൽ ഇടുക. വർഷത്തിൽ മൂന്നു പ്രാവശ്യം ഇങ്ങനെ ചെയ്യാവുന്നതാണ്. |
| ജാതി | അസാധാരണ ഇല പൊഴിച്ചിൽ | ജാതിയിൽ അസാധാരണ ഇല പൊഴിച്ചിൽ രോഗം ഗ്രനിയന്ത്രിക്കുന്നതിനായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം ചെടി മുഴുവൻ തളിക്കുകയും ട്രൈക്കോഡർമ്മ എന്ന മിത്ര കുമിൾ ചുവട്ടിൽ ഇടുകയും ചെയ്യുക. |
| വിവിധ വിളകൾ | ആഫ്രിക്കൻ ഒച്ച് | വീര്യം കുറഞ്ഞ തുരിശുലായനി (3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ) തളിച്ചു കൊടുക്കാം. കോപ്പർഓക്സിക്ളോറൈഡ് മൂന്ന് ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിച്ചു കൊടുക്കാം. വിളകൾക്കു ചുറ്റും കുറഞ്ഞ എണ്ണം ഒച്ചുകൾ മാത്രമേയുള്ളൂ എങ്കിൽ ബ്ലീച്ചിങ്ങ് പൗഡർ, പുകയില പൊടി, തുരിശുപൊടി എന്നിവ ചുറ്റിലും ഇട്ടുകൊടുക്കാം. വാഴ, തെങ്ങ്, കവുങ്ങ് തുടങ്ങിയ മരങ്ങളിൽ ഒച്ച് കയറാതെ ഇരിയ്ക്കാൻ ചുവട്ടിൽ 10% ബോർഡോ കുഴമ്പ് തേച്ചു കൊടുക്കണം. |
| മത്സ്യ കൃഷി | കുളത്തിൽ വെള്ളത്തിന്റെ പി എച്ച് വ്യതിയാനം ഉണ്ടാവാൻ സാധ്യത ഉള്ളതിനാൽ കുളത്തിനു ചുറ്റുമുള്ള ബണ്ടുകളിൽ കുമ്മായം വിതറിയിടുക. | |
| മൃഗസംരക്ഷണം | സമീപകാലങ്ങളിൽ കേരളത്തിൽ പല സ്ഥലങ്ങളിലും കന്നുകാലികളിൽ കുളമ്പു രോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കർഷകർക്ക് വലിയ നഷ്ടം സംഭവിക്കാവുന്ന അവസ്ഥയായതിനാൽ കേന്ദ്രസംസ്ഥാന സർക്കാർ സംയുക്തമായി കേരളത്തിലുടനീളം സൗജന്യ കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്പ് കാമ്പയിൻ നടത്തുന്നുണ്ട്. നവംബ ർ 4 വരെ നീണ്ടു നിൽക്കുന്ന ഈ കാമ്പയിൻ കർഷകർ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. | |

(Information given by RRS Vyttila)